(ബി) കേന്ദ്ര ഗവൺമെന്റ്-ലോകബാങ്ക് കരാർ പ്രകാരം 2006 ഡിസംബറിലാണ് പദ്ധതി പൂർത്തീകരിക്കേണ്ടിയിരുന്നത്. എന്നാൽ ഇത് 2007 ഡസംബർ വരെ നീട്ടിയിട്ടുണ്ട്.

(സി) ജലനിധി പദ്ധതി 2007 ഡിസംബറിൽ തന്നെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സ്വജൽധാര പദ്ധതി നടപ്പാക്കേണ്ട രീതി

78(1354) ശ്രീ. എം. എ. വാഹിദ്:

ശ്രീ. കെ. എ. ചന്ദ്രൻ:

ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വജൽധാര പദ്ധതി നടപ്പാക്കേണ്ട രീതി എന്തെന്ന് വിശദീകരിക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ അടയ്ക്കേണ്ട ഗുണഭോക്തൃവിഹിതം എത്രയാണ്; ഈ വിഹിതം അടയ്ക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയാത്തതിനാൽ പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്താൻ കഴിയാതെ വന്നിട്ടുണ്ടോ;

(സി) ഈ പദ്ധതി പ്രകാരം കുടിവെള്ള പദ്ധതികൾ നടപ്പാക്കുവാൻ എത്ര നിർദ്ദേശങ്ങൾ ഇപ്പോൾ ഗവൺമെന്റിന്റെ മുൻപാകെയുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഗ്രാമീണ ജനതക്കുവേണ്ടി അവർ തന്നെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി പരിപാലിക്കുന്ന കുടിവെള്ള പദ്ധതിയാണ് 2002-2003 വർഷത്തിൽ ആരംഭിച്ച സ്വജൽധാര-1 പദ്ധതി. 90% കേന്ദ്രസഹായമുള്ള ഈ പദ്ധതിയ്ക്ക് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കോ, സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഗുണഭോക്തൃ സമിതികൾക്കോ സ്കൂൾ പി.ടി.എ.-കൾക്കോ അപേക്ഷിക്കാവുന്നതാണ്. ബാക്കി 10% തുകയിൽ 50% ഗുണഭോക്താക്കൾ പണമായി സ്വരൂപിക്കുകയും 50% പദ്ധതിക്കാവശ്യമായ ഭൂമിയായോ, സന്നദ്ധ സേവനമായോ, പണമായോ കണ്ടെത്തുകയും വേണം. പദ്ധതിക്കുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷകൾ അതാത് ജില്ലാ വാട്ടർ ആന്റ് സാനിട്ടേഷൻ മിഷന് സമർപ്പിക്കേണ്ടതാണ്. ഇതിലേക്കാവശ്യമായ കേന്ദ്രസഹായം രണ്ടു ഗഡുവായി ജില്ലാ വാട്ടർ ആന്റ് സാനിട്ടേഷൻ മിഷന് ലഭിക്കുന്നതാണ്. ഇതിന്റെ നിർവ്വഹണവും ഭാവി പരിപാലനവും നടത്തേണ്ടത് ഗുണഭോക്തൃ സമിതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ഗ്രാമീണ കുടിവെള്ള വിതരണത്തിനായി രാജിവ്ഗാന്ധി കുടിവെള്ള മിഷൻ സഹായത്തോടെ കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കി വന്നിരുന്ന സെക്ടർ റിഫോംസ് പദ്ധതിയുടെ തുടർച്ചയായി 1-4-2004 മുതൽ സ്വജൽധാര-2 പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) ഈ പദ്ധതി പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഗുണഭോക്തൃവിഹിതം അടക്കേണ്ടതില്ല. ഗുണഭോക്താക്കളാണ് ഗുണഭോക്തൃവിഹിതം അടക്കേണ്ടത്.

(സി) 2005-2006-ലേക്കുള്ള സ്വജൽധാര-1 പദ്ധതികൾക്കായി അനുവദിച്ച 784.65 ലക്ഷം രൂപക്കുള്ള 106 പ്രൊപ്പോസലുകൾ കേന്ദ്രഗവൺമെന്റിൽ നിന്നും ഒന്നാം ഗഡു തുക ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സ്വജൽധാര-1 പദ്ധതിയിൽ ഉൾപ്പെടുത്തി 105അഡീഷണൽ പ്രൊപ്പോസലുകളും സ്വജൽധാര-2 പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ 6 പഞ്ചായത്തുകളിലായി 150 പ്രപ്പോസലുകളും ഫണ്ട് ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ പഞ്ചായത്തു മുഖേന നടപ്പിലാക്കുന്ന സ്വജൽധാര-2 പദ്ധതിയിൽ പുതിയ നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികളിൽ ഉണ്ടായിട്ടുള്ള പോരായ്മകൾ

79(1355) ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ഡോ. തോമസ് ഐസക്:
ശ്രീ. കെ. വി. കുഞ്ഞിരാമൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ സഹായത്തോടു കൂടിയുള്ള ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പുരോഗമിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പദ്ധതിക്കുവേണ്ടി ഇതിനകം ചെലവഴിക്കപ്പെട്ട തുകയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയായിരുന്നു;

(സി) പദ്ധതിയുടെ ആദ്യഘട്ടം എന്ന് കമ്മീഷൻ ചെയ്യുമെന്നായിരുന്നു വിഭാവനം ചെയ്തിരുന്നത്?

LIBRARY ARCHIVES Kerala Legislative Assembly